**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2635** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്റ്റ് എന്നീ പദ്ധതികൾ വ്യാപകമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുന്നതിന് സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് റവന്യൂ വകുപ്പിൽ നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യു ഓഫീസുകളെ അഴിമതിമുക്തമാക്കുന്നതിനും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് റവന്യൂ വകുപ്പിൽ നിലവിൽ നടപ്പിലാക്കുന്നത്. 1. ഇ-ഡിസ്ട്രിക്ട് 2. ആർ.ആർ. ഓൺലൈൻ 3. ReLIS (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം) 4. റവന്യൂ ഇ-പെയ്മെന്റ് 5. ഇ-ഓഫീസ് 6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം) 7. റവന്യൂ മിത്രം 8. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം വിവരസാങ്കേതിക വിദ്യയുടെ സാഹായത്തോടെ നടത്തുന്ന ഈ ആധുനികവല്ക്കരണ പ്രവർത്തനങ്ങൾ മുഖേന സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സുതാര്യമായും കാലതാമസം കൂടാതെയും സേവനങ്ങൾ നൽകുന്ന ജനസൗഹൃദ ഓഫീസുകളാക്കുന്ന പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. |
| (ബി) | ഏതെല്ലാം ഓഫീസുകളിലാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതെന്നും മുഴുവൻ വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നത് എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ; | (ബി) | ലാൻഡ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം പൂർണമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സംസ്ഥാനത്തെ എല്ലാ കളക്ടറേറ്റിലും, 23 ആർഡി ഒ ഓഫീസുകളിലും, 13 താലൂക്ക് ഓഫീസുകളിലും, 129 വില്ലേജ് ഓഫീസുകളിലും ഇ ഓഫീസ് പൂർണതോതിൽ പ്രവർത്തിച്ചു വരുന്നു. 115 വില്ലേജ് ഓഫീസ്, 24 താലൂക്ക് ഓഫീസുകൾ, 5 ആർ.ഡി.ഒ ഓഫീസുകൾ തുടങ്ങിയവയിൽ കൂടി അടിയന്തിരമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഹാർഡ് വെയർ വാങ്ങിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനായി ഐ.ടി |

| | | | |
|---|---|---|---|
| | | | മിഷനുമായി ചർച്ചകൾ നടന്നുവരുന്നതിനാൽ ആയതു പരിഹരിക്കുന്ന മുറയ്ക്ക് അടിയന്തിരമായി തന്നെ വില്ലേജ് ഓഫീസുകൾ ഉൾപ്പെടെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർത്തിയാക്കുവാനുമാണ് ഉദ്ദേശിക്കുന്നത് |
| (സി) | ഓൺലൈനായി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ റവന്യൂ വകുപ്പിൽ നിന്ന് ഇ ഡിസ്ട്രിക്റ്റ് മുഖാന്തരം 24 ഇനം സർട്ടിഫിക്കറ്റുളാണ് ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകിവരുന്നത്. സംസ്ഥാനത്തെ വില്ലേജ് ഓഫീസർമാരിൽ നിന്നും ശേഖരിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഐ.റ്റി മിഷനും, സി-ഡിറ്റുമായി സഹകരിച്ചു ഇ- ഓഫീസ് പോർട്ടൽ നവീകരിക്കുവാൻ ഉള്ള പദ്ധതി നടന്നുവരുന്നു. സ്വഗൃഹത്തിൽ ഇരുന്നു കൊണ്ടു തന്നെ പരമാവധി സൗകര്യപ്രദമായി ഇ-ഡിസ്ട്രിക്റ്റ് സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിൽ ഇ-ഓഫീസ് പോർട്ടൽ നവീകരിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ